(ജി) ചെലവ് വന്നിട്ടില്ല.

(എച്ച്) ഫയൽ നമ്പർ ഡി.ബി.ഇ-12026/89 ആണ്. അക്കൗണ്ടന്റ് ജനറലിന്റെ പരാമർശം ഉണ്ടായിട്ടുണ്ട്. കരാറുകാരൻ ആവശ്യപ്പെട്ടിരുന്നത് 1990-ലെ ഷെഡ്യൂളിന്റെ 33% ആയിരുന്നു. എന്നാൽ അത് അനുവദിക്കുന്നതിന് സാധിക്കാതെ വരികയും ബാക്കി പണികൾക്ക് 92 ഷെഡ്യൂൾ റേറ്റിന്റെ 73% കൂടുതൽ റേറ്റ് ആവശ്യപ്പെടുകയും ചെയ്തു. ആബിട്രേഷൻ കമ്മിറ്റി പ്രസ്തുത റേറ്റ് അംഗീകരിച്ചു. ഇതുമൂലം സർക്കാരിന് നഷ്ടമുണ്ടായി എന്നാണ് എ.ജി. യുടെ പരാമർശം.

141 (1360) പൊറ്റമേൽക്കടവ് പാലത്തിന്റെ ടോൾപിരിവ്

<u>ശ്രീമതി ശോഭനാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ പൊറ്റമേൽക്കടവ് പാലത്തിന്റെ ടോൾപിരിവ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നത്തേക്ക് നിർത്തലാക്കും എന്ന് വ്യക്തമാക്കുമോ;

(സി) പാലത്തിന്റെ നിർമ്മാണത്തിന് എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ടോൾപിരിവ് ഇനത്തിൽ നാളിതുവരെ എത്ര രൂപ ഈടാക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പാലത്തിന്റെ നിർമ്മാണച്ചെലവ് വസൂലായതിനുശേഷം.

(സി) 38.33 ലക്ഷം രൂപ.

(ഡി) 18 ലക്ഷം രൂപ.

142 (1361) പുലാമന്തോൾ പാലം പുതുക്കി പണിയുന്നതിന് നടപടി

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പുലാമന്തോൾ പാലം പുതുക്കി പണിയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പുതുക്കി പണിയുന്നതിന് എത്ര ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) പാലം പുതുക്കി പണിയുന്നതിന് ഭരണാനുമതി ലഭിക്കുന്നതിന് ഈ വകുപ്പ് എന്തൊക്കെ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാലത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പാലത്തിന്റെ അറ്റകുറ്റ പണികൾക്കായി എന്തു നടപടികൾ സ്വീകരിച്ചു; ഇതിനായി എന്തു തുക നടപ്പുസാമ്പത്തികവർഷം നീക്കി വച്ചു; എന്തു തുക ചെലവഴിച്ചു;

(എഫ്) പാലം പുതുക്കി പണിയുന്നതിന് വരുന്ന സാമ്പത്തികവർഷം ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിന് മരാമത്ത് വകുപ്പ് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പുലാമന്തോൾ പാലം പുതുക്കിപ്പണിയുന്നതിനായി 300 ലക്ഷം രൂപയുടെ ഒരു ഏകദേശ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചത് പരിശോധിച്ചുവരുന്നു.

(സി) വരുന്ന സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഈ പണിക്ക് ആവശ്യമായ തുക വകക്കൊള്ളിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വിലയിരുത്തിയിട്ടുണ്ട്. 75 വർഷത്തിലധികം പഴക്കമുള്ളതു കൊണ്ട് ഗർഡറുകളിൽ ചിലതിന്റെ ജോയിന്റുകൾ തുരുമ്പിച്ചതിനാൽ പാലക്കാട് സൈഡിൽ രണ്ടു സ്പാനിലെയും പുലാമന്തോൾ സൈഡിൽ ഒരു സ്പാനിലെയും ഗർഡുകൾ ഡിഫ്ളെക്റ്റ് ചെയ്തിട്ടുണ്ട്. ഗതാഗതത്തിരക്കു കൊണ്ട് ഡെക്ക് സ്ലാബിൽ പൊട്ടലുകളിൽകൂടി വെള്ളം ഇറങ്ങി കമ്പികൾ തുരുമ്പെടുത്ത് ബലക്ഷയം സംഭവിച്ചിട്ടുണ്ട്. ഈ അവസ്ഥയിൽ പ്രസ്തുത പാലത്തിൽ കൂടി ഭാരം കയറ്റിയ വാഹനങ്ങൾ പോകുന്നത് നിരോധിച്ചിരിക്കുകയാണ്.

(ഇ) അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി 40.45 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേന്റ് തയ്യാറാക്കി ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചത് പരിശോധിച്ചുവരുന്നു. നടപ്പു സാമ്പത്തികവർഷം പ്രസ്തുത പാലംപണിക്കായി തുകയൊന്നും നീക്കിവച്ചിട്ടില്ല. തുകയൊന്നും ചെലവഴിച്ചിട്ടുമില്ല.

(എഫ്) അടുത്ത സാമ്പത്തിക വർഷം എസ്.എച്ച് (ബി)&(സി) എന്ന ശീർഷകത്തിൽ പ്രസ്തുത പാലംപണിക്കാവശ്യമായ തുക വകകൊള്ളിക്കുന്നതിനുള്ള ശുപാർശ ലഭിച്ചത് പരിശോധിച്ചുവരുന്നു.

143 (1362) നടയറ, അയിരൂർ, കല്ലണ പാലങ്ങളുടെ പണി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ നടയറ, അയിരൂർ, കല്ലണ എന്നീ പ്രധാനപ്പെട്ട പാലങ്ങളുടെ പണിയെ സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) കാലപ്പഴക്കം ചെന്നതും അപകടസാദ്ധ്യതയുള്ളതുമായ നടയറ പാലത്തിന്റേയും അയിരൂർ പാലത്തിന്റേയും നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കല്ലണ പാലത്തിന്റെ ജോലി ആരംഭിച്ചെങ്കിലും ഇപ്പോൾ മുടങ്ങിക്കിടക്കുന്നതിന്റെ കാരണം അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly